# മാർച്ച് 10 ശനിയാഴ്ച്ച അമേരിക്കയിൽ പാസ്പോർട്ട് ദിനം

## ജോസ് മാളേയ്ക്കൽ

**വാഷിംഗ്ടൺ:** 2012 മാർച്ച് 10 ശനിയാഴ്ച്ച അമേരിക്കയിലെ എല്ലാ സംസ്ഥാനങ്ങളിലും പാസ്പോർട്ട് ദിനമായി ആചരിക്കുന്നു. യു. എസ്. പാസ്പോർട്ടിനു അപേക്ഷിക്കുന്നതിനും, പുതുക്കുന്നതിനും ഈ ദിവസത്തിൽ ഏതൊരാൾക്കും മുൻകൂട്ടിയുള്ള അപ്പോയിന്റ്മെന്റ് കൂടാതെ മേഖലാ പാസ്പോർട്ട് ഏജൻസികളിലും, രാജ്യത്താകമാനമുള്ള അംഗീകൃത പാസ്പോർട്ട് അക്സപ്റ്റൻസ് ഫസിലിറ്റികളിലും നേരിട്ടു ഹാജരായി അപേക്ഷകൾ സമർപ്പിക്കാം. അമേരിക്കയിൽ എല്ലായിടത്തും ഈ ഒരു ദിവസം മാത്രമേ മുൻകൂർ അനുമതി കൂടാതെ നേരിട്ടു ചെന്ന് അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയുള്ളു. ആദ്യമായി യു. എസ്. പാസ്പോർട്ടിനു അപേക്ഷിക്കുന്നതിനോ, നിലവിലുള്ള പാസ്പോർട്ട് പുതുക്കുന്നതിനോ കാത്തിരിക്കുന്ന ആളാണു നിങ്ങളെങ്കിൽ ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണു.

ആദ്യമായി യു. എസ് പാസ്പോർട്ടിനു അപേക്ഷിക്കുന്നവരും, 16 വയസിൽ താഴെയുള്ളവരും, ഇപ്പോഴുള്ള പാസ്പോർട്ട് 16 വയസിനുമുൻപോ 15 വർഷങ്ങൾക്കുമുൻപോ ലഭിച്ചവരും, പാസ്പോർട്ട് നഷ്ടപ്പെട്ടവരും, കേടുപറ്റിയവരും, ഇപ്പോഴുള്ള പാസ്പോർട്ടിൽ പേരു മാറ്റേണ്ടവരും റിജിയണൽ പാസ്പോർട്ട് ഏജൻസിയിലോ, ഏതെങ്കിലും അംഗീകൃത ഓഫീസിലോ നേരിട്ടു ഹാജരായി വേണം അപേക്ഷിക്കാൻ. ഇതിനു മുൻകൂട്ടി അപ്പോയിന്റ്മെന്റ് എടുത്തിരിക്കണം. എന്നാൽ മാർച്ച് 10 നു ഈ ആവശ്യങ്ങൾക്കായി മുകളിൽ പറഞ്ഞ ഏതെങ്കിലും ഓഫീസിൽ വാക്ക് ഇൻ ചെയ്ത് അപേക്ഷ നൽകാം. അപേക്ഷയോടൊപ്പം നിശ്ചിത രേഖകളും, ഫോട്ടോയും, ഫീസും ഉണ്ടായിരിക്കണം. ആദ്യമായി യു. എസ് പാസ്പോർട്ടിനു അപേക്ഷിക്കുന്ന 16 വയസിനുമേലുള്ള മുതിർന്നവർ ഫോറം **DS-11** വേണം ഉപയോഗിക്കാൻ. ഫീസ് 135 ഡോളർ.

പാസ്പോർട്ട് അന്നുതന്നെ കിട്ടുകയില്ല. അന്നേദിവസം അപേഷ നേരിട്ടു സ്വീകരിക്കും എന്നു മാത്രം. ഫീസിലോ പാസ്പോർട്ട് നൽകുന്നതിൽ ഇപ്പോഴുള്ള കാലദൈർഘ്യത്തിലോ വ്യത്യാസം ഇല്ല. നടപ്പുനിയമമനുസരിച്ച് സ്റ്റാൻഡാർഡ് പ്രോസസിങ്ങിൽ 4 മുതൽ 6 ആഴ്ച്ചകൾകൊണ്ടും, പെട്ടന്നുള്ള പ്രോസസിങ്ങിൽ രണ്ടോ മൂന്നോ ആഴ്ച്ചകൾകൊണ്ടും പാസ്പോർട്ട് ലഭിക്കാം. ഇതിനു മാറ്റമൊന്നുമില്ല.

അപേക്ഷയോടൊപ്പം കേടുപാടുകളില്ലാത്ത പുതുക്കേണ്ട പാസ്പോർട്ട് അയച്ചുകൊടുക്കാൻ സാധിക്കുന്നവർക്കും, ഇപ്പോഴുള്ള പാസ്പോർട്ട് 16

വയസിനുമുൻപോ 15 വർഷങ്ങൾക്കുള്ളിലോ ലഭിച്ചവർക്കും, പേരുമാറ്റമില്ലാത്തവർക്കും, പേരുമാറ്റമുണ്ടെങ്കിൽ നിയമപരമായ രേഖ അയച്ചുകൊടുക്കാൻ സാധിക്കുന്നവർക്കും നേരിട്ടു ഹാജരാകാതെ യു. എസ്. മെയിൽവഴി അപേക്ഷിക്കാം. പാസ്പോർട്ട് പുതുക്കുന്നതിനു മുതിർന്നവർക്ക് 110 ഡോളർ ഫീസ്. ഫോറം **DS-82** ഉപയോഗിക്കണം. എല്ലാ രേഖകളും സഹിതം അപേക്ഷ പൂരിപ്പിച്ചു നൽകുക. 16 വയസിൽ താഴെയുള്ള മൈനർ കുട്ടികൾക്ക് **DS-11** ഫോറം വേണം ഉപയോഗിക്കാൻ. ഫീസ് 105 ഡോളർ.

അപേക്ഷാ ഫോറത്തിനും, റീജിയണൽ പാസ്പോർട്ട് ഏജൻസികളുടെയും, ഈ സൗകര്യം ചെയ്തുകൊടുക്കുന്ന മറ്റു ഓഫീസുകളുടെയും പൂർണവിവരങ്ങൾക്കും, ഇതു സംബന്ധമായ മറ്റു സംശയനിവാരണത്തിനും www.travel.state.gov/passport എന്ന വെബ്സൈറ്റ് വായിച്ചു മനസിലാക്കുക.